ജനുവരി - ഏപ്രിൽ 2008

11 12

# ഭാരതീയ വൈദ്യ സംവാദം

വൈദ്യഭൂഷണം കെ. രാഘവൻ തിരുമുൽപ്പാട് ഫൗണ്ടേഷൻ ഫോർ ആയുർവേദിക് സ്റ്റഡീസ്



വി.എം. കുട്ടികൃഷ്ണമേനോൻ അനുസ്മരണപതിപ്പ്

# വിഷവൈദ്യചിന്തകൾ

വി.എം. കുട്ടികൃഷ്ണമേനോൻ

മഹേന്ദ്രജാലം എന്ന ജാലവിദ്യയും, മർമ്മചികിത്സ, വിഷവൈദ്യം, ബാലചികിത്സ, നേത്രചികിത്സ, ജ്വരചികിത്സ, മസൂരികാചികിത്സ എന്ന ചികിത്സാവിഭാഗങ്ങളും, പ്രാദേശികമായി നടത്തിയ നിരന്തര ഗവേഷണങ്ങളുടെ ഫലമായി കേരളത്തിന്റെ തനതു സ്വത്തെന്ന നിലയ്ക്ക് അനന്യദൃഷ്ടമായ പ്രത്യേകതകളോടുകൂടി ഒരു കാലത്ത് പ്രതിഷ്ഠനേടിയ വിജ്ഞാനശാഖകളാണ്. മന്ത്രവിദ്യയിൽ അധിഷ്ഠിതമായിരുന്ന മഹേന്ദ്രജാലം ചേരാനെല്ലൂർ കുഞ്ചുക്കർത്താവിനെ സംബന്ധിച്ച ചില ഐതിഹ്യങ്ങളിൽ മാത്രം അവശേഷിച്ചു. നാഡീപരീക്ഷകൊണ്ട് ശാരീരികമായ രോഗങ്ങളെ വിവേചിച്ചറിഞ്ഞിരുന്ന മർമ്മചികിത്സാവിഭാഗം പ്രാതഃസ്മരണീയനായ ചങ്ങമ്പള്ളി മമ്മതുകുരുക്കളുടെ ചരമത്തോടുകൂടി അസ്തമിച്ചു. ഇവ കേരളത്തിൽ വേരറ്റു എന്നു പറഞ്ഞാൽ ലോകത്തിൽ നിന്നുതന്നെ തിരോഭവിച്ചു എന്നാണർത്ഥം. കേരളീയ ബാലചികിത്സയുടെ അവശിഷ്ടങ്ങൾ അപൂർവ്വം ചില വൃദ്ധവൈദ്യന്മാരുടെ കൈകളിൽ ജീവിക്കുന്നുണ്ടാകാം. അതിവിപുലമായ ഒരു ഗ്രന്ഥസഞ്ചയമായിരുന്നു ആ വിഷയത്തിൽ കേരളത്തിനുണ്ടായിരുന്നത്. നേത്രചികിത്സ കണ്ണടയിലേക്കും ശസ്ത്രക്രിയയിലേക്കും പടർന്നുകയറി സ്വന്തം മണ്ണിൽ നിന്ന് ബന്ധംവിടർത്തുവാൻ ഇനി അധികകാലം വേണ്ടിവരികയില്ല. ആന്റിബയോട്ടിക്സിനെക്കൂടി അധഃകരിക്കുന്ന പ്രഭാവത്തോടുകൂടിയ മാത്രപ്രയോഗങ്ങളടങ്ങിയ ജ്വരചികിത്സ വള്ളുവനാട് താലൂക്കിലെ ഒന്നുരണ്ടു പാരമ്പര്യങ്ങളിൽ കുടുങ്ങി ഊർദ്ധ്വൻവലിച്ചുതുടങ്ങിയിരിയ്ക്കുന്നു. മസൂ

രിക്ക് ചികിത്സയുടെ ആവശ്യം തന്നെ അസ്തമിച്ചുകഴിഞ്ഞുവല്ലൊ.

സർക്കാരിന്റെ അർദ്ധമനസ്സോടുകൂടിയ ആനുകൂല്യങ്ങളുണ്ടായിട്ടും വിഷവൈദ്യന്റേയും ഗതി മുന്നേ സൂചിപ്പിച്ച വഴിക്കുതന്നെയാണെന്നു പറഞ്ഞാൽ എന്റെ വിഷവൈദ്യസുഹൃത്തുക്കൾ പരിഭവിക്കരുത്. സ്മൃതിപഥത്തിൽ അറുപത്തഞ്ചു വർഷത്തോളം നീണ്ടുനിൽക്കുന്ന കണ്ടനുഭവം അങ്ങനെ പറയുവാൻ എന്ന നിർബ്ബന്ധിക്കുകയാണ്. അന്നു ജീവിച്ചിരുന്ന വിഷവൈദ്യന്മാരുടെ ആത്മവിശ്വാസവും നെഞ്ഞൂക്കും സംശയരാഹിത്യവും പ്രയോഗപാടവവും ഇന്ന് അനുഭവത്തിലില്ലെന്ന് സാമാന്യമായി പറയാം. ഇന്ന് ഐതിഹ്യകോടിയിലേക്കു തള്ളിക്കളഞ്ഞിരിക്കുന്ന പല ക്രിയകൾക്കും അന്നു മാംസവും രക്തവും മേദസ്സുമുണ്ടായിരുന്നു. അതിൽ അത്ഭുതപ്പെടുവാൻ യാതൊന്നുമില്ല. ഒരു കാലത്ത് കേരളത്തിലെ പ്രസിദ്ധിപെറ്റ എല്ലാ പ്രഭുകുടുംബങ്ങളും നിർബന്ധമായി നടത്തിവരുന്ന ഒരുധർമ്മസ്ഥാപനമായിരുന്നു വിഷചികിത്സ. ജീവിതക്ലേശം അറിയേണ്ടതില്ലാത്തവിധം തറവാട്ടിലെ പ്രഗത്ഭനായ ഒരംഗത്തെ അതിനു നിയോഗിക്കുകയും ചെയ്തുവന്നിരുന്നു. പാരമ്പര്യസിദ്ധിയും ബുദ്ധിയും, ക്ലേശസഹിഷ്ണുതയും കുറേക്കാലം അങ്ങനെ പരമ്പരയായി നിലനിന്നു. ആളോഹരി ഭാഗംവാങ്ങി കാടും പടലും തുടച്ചുനീക്കി അടുത്തടുത്തു പുരകൂട്ടി പാമ്പുകൾക്കു പാർക്കുവാൻ തന്നെ ഇടമില്ലാതാക്കിത്തീർത്ത പിൽക്കാലത്തെ അപേക്ഷിച്ച് പാമ്പുകളുടെ സംഖ്യ സുലഭവും, സർപ്പദംശനം സാധാരണവും ആയതിനാൽ അന്ന് നിരീക്ഷണത്തിനും, പരീക്ഷണത്തിനും ദൃഷ്ടകർമ്മത്വത്തിനും ഉള്ള അവസരങ്ങൾ വിരളമായിരുന്നില്ല. കാലചക്രം തിരിഞ്ഞ് പ്രഭുത്വം നശിക്കുകയും, നാശത്തിനു കാരണം വിഷവൈദ്യനാണെന്ന് വിശ്വാസം മുളയ്ക്കുകയും ചെയ്തതോടുകൂടി ആ പാരമ്പര്യവും നശിച്ചു. ആ പാരമ്പര്യത്തോട് ഇടപഴകുവാൻ ഇടവന്ന സാധാരണക്കാർ ആവേശത്തിന്റെ പ്രേരണകൾക്കൊണ്ടുമാത്രം വിഷചികിത്സ ഏറ്റെടുത്ത കാലഘട്ടത്തിൽപ്പെട്ടവരെയാണ് എന്റെ സ്മരണമണ്ഡലത്തിന്റെ ആദിയിൽ ഞാൻ

പരിചയപ്പെട്ടവരായി പറഞ്ഞത്. നിത്യവൃത്തിക്കു വഴിയില്ലാത്തവർ 'ധർമ്മസ്ഥാപനം' ഏറ്റെടുത്തതിന്റെ ഫലം അവർക്കും അനുഭവമായി. വിഷവൈദ്യത്തിന്റെ സുവർണ്ണകാലം അതോടുകൂടി അവസാനിച്ചു വെന്നു പറഞ്ഞാൽ തെറ്റില്ല. ആ കാലഘട്ടത്തിൽ നിന്നും കൊഴി ഞ്ഞുവീണതെല്ലാം സംഭരിച്ചാണ് പിന്നീട് നാമമാത്രമായി അതു നില നിന്നുപോരുന്നത്. ജീവിതക്ലേശത്തിനു മാറ്റുകൂട്ടുവാനല്ലാതെ മാറ്റമു ണ്ടാക്കുവാൻ ഇന്നും ആ വിദ്യക്ക് സാദ്ധ്യമല്ലാത്തതുകൊണ്ട് വ്യക്തി ഗതമായി എത്രകാലം അതു ജീവിക്കുമെന്നു കണ്ടുതന്നെ അറിയണം. ആര്യവൈദ്യശാലപോലുള്ള മഹത്തായ ധർമ്മസ്ഥാപനങ്ങൾ വിഷവൈ ദ്യത്തിന്റെ സർവ്വകക്ഷമായ അഭ്യുത്ഥാനത്തിനും സർവ്വാതിശായിയായ മാഹാത്മ്യം വീണ്ടെടുക്കുവാനും മുൻകയ്യെടുക്കേണ്ട സമയമാണിത്.

പഴക്കമുള്ള ഒരു പാരമ്പര്യമാണ് കേരളീയ വിഷവൈദ്യത്തിനു ള്ളത്. ദ്രാവിഡമെന്നും ആര്യമെന്നും ഉള്ള രണ്ടു വിഭാഗങ്ങളുടെ മുഖ മുദ്രകൾ അതിൽ വ്യക്തമായിത്തന്നെ കാണാം. അർവ്വാചീന കാലം വരെ ബ്രാഹ്മണേതരർ ആദരിച്ചും, അനുസരിച്ചും പോന്നിരുന്നത് ദ്രാവിഡപാരമ്പര്യമാണ്. 'നഞ്ചുണ്ടനാഥർ' എന്നും 'ചെറുള്ളിപ്പട്ടർ' എന്നും സ്മരിച്ചുപോരുന്ന രണ്ടു മഹാന്മാരെയാണ് അതിന്റെ കൂട സ്ഥഗുരുക്കളായി പറഞ്ഞുകാണുന്നത്. തമിഴും, മലയാളവും ഇടക ലർന്ന 'പുള്ളയാർപടലം' ഒരു പ്രധാനപാഠ്യഗ്രന്ഥമായിരുന്നു. പിൽക്കാ ലത്തെ 'തൂവെണ്ണിലാവ്' 'ഭാഷാനാരായണീയം' മുതലായവയിലെ മണിപ്രവാളശൈലിക്ക് സമാനമായിരുന്നു അതിലെ തമിഴ്മലയാള ഭാഷാമിശ്രം.

'കടിത്തെടം തടിക്കിലും കറുത്തചോരപായ്കിലും
വിടുത്തുടൻ പറൈകിലും വിരണ്ടു നീരിരക്കിലും
അടുത്തുടൻ ചിരിക്കിലും അണിമുകം തുടക്കിലും
പടിത്തനൽമരുന്തിനാൽ പലങ്കളൊന്നുമില്ലയേ'

എന്ന് കേരളഭാഷാ പ്രധാനങ്ങളായ പല വിരുത്തങ്ങൾ അതിലു ണ്ടെങ്കിലും ചികിത്സാഭാഗം ഏതാണ്ടു മുഴുവൻ തന്നെ തനിത്തമിഴി

ലാണ്. ഇന്നു സംസ്കൃതത്തിലുള്ള ഔഷധനാമങ്ങളുടെ അർത്ഥങ്ങൾ എഴുതിപ്പഠിക്കുന്നതുപോലെയാണ് അന്ന് ഈ ഗ്രന്ഥത്തെ സംബന്ധിച്ചും ചെയ്തിരുന്നത്. വിഷവൈദ്യത്തിലെ മന്ത്രവിഭാഗത്തിന് 'വിഷവിദ്യ'യെന്നും ഔഷധവിഭാഗത്തിന് 'വിഷവൈദ്യ'മെന്നും ആണല്ലോ പറഞ്ഞുവന്നിരുന്നത്. ഈ വിഷവിദ്യാവിഭാഗത്തിൽപ്പെട്ട അന്നത്തെ മാലാമന്ത്രങ്ങളും തമിഴ്മലയാളമിശ്രിതങ്ങളാണ്.

'ഓം. വായുതന്നിൽ കുതിത്ത് എഴുന്ന പാൽക്കടൽ നഞ്ചെ എല്ലാം വാരിയെ കൊടംകയ്യിൽ അടങ്കവേ വാരിയുണ്ട പോതിലെ വാനകത്തുനഞ്ചുമില്ലെ, ഊനകത്തുനഞ്ചുമില്ലെ, ഉള്ളകത്തുനഞ്ചുമില്ലെ, ശങ്കരൻ കയ്യിലില്ലെ വിഷം സർവ്വേശ്വരൻ കയ്യിലില്ലെ വിഷമിങ്കുമില്ലെ വിഷമങ്കുമില്ലെ പാതാളയോഗി പരമഗുരുവാളി ആധാരം എങ്കടെക്കണ്ടാൻ കണ്ടതു കടിച്ചത് കൊണ്ടതു പൂണുനൂല് നടുക്കടലിൽ വില്ലേന്തും നാരായണശ്രീമകനേ ശൊഠികിടപ്പാൻകളോ എളുന്തിരി എളുന്തിരി എറങ്ക എറങ്ക സ്വാഹാ' എന്ന രീതിയിലാണ് അവയുടെ രചന. ആര്യപക്ഷത്തിനു പ്രചാരവും പ്രാബല്യവും സിദ്ധിച്ചപ്പോൾ ഭാഷാ സംസ്കൃതയോഗങ്ങൾ ഉരുവിടാനും ഗരുഡോപനിഷത്ത് മുതലായ സംസ്കൃതമാലാമന്ത്രങ്ങൾ ഒഴിവാക്കാനും അവർക്കു മടിയുണ്ടായില്ല. ഗ്രന്ഥരൂപത്തിലല്ലാത്ത നിരവധി വിശിഷ്ട പ്രയോഗങ്ങൾ താളിയോലഗ്രന്ഥങ്ങളുടെ താളുകളിൽ വിശ്രമിച്ചു. ഫലത്തിൽ ഈ രണ്ടു പാരമ്പര്യങ്ങളുടേയും മിശ്രണത്തിൽനിന്ന് അനവദ്യമായ, തനി കേരളീയമായ, ഒരു വിഷചികിത്സാ പദ്ധതി പ്രാചീന സംസ്കൃതസംഹിതകളുടെ അപര്യാപ്തതയിലേക്കു വിരൽചൂണ്ടിക്കൊണ്ട് ഉദയം കൊള്ളുകതന്നെ ചെയ്തു.

വിഷവൈദ്യത്തിന്റെ ശാസ്ത്രീയതയുടെ നേരെ ആധുനിക ശാസ്ത്രകാരന്മാർ പലപ്പോഴും നടത്താറുള്ള കടന്നാക്രമണത്തെപ്പറ്റി വിഷചികിത്സകർ പരിഭ്രമിക്കേണ്ടതില്ല. അതിന്റെ കാതലായ അംശങ്ങളെ സംബന്ധിച്ചിടത്തോളം ആധുനികവിജ്ഞാനത്തിന്റെ മുമ്പിൽ തല കുനിച്ചിട്ടല്ല, ഉയർത്തിയിട്ടാണ്, ഇന്നും അതിന്റെ നിൽപ്പ്.

ആയുർവേദത്തിന്റെ പ്രത്യേക സാങ്കേതിക ദൃഷ്ടിയിൽകൂടി ആ തത്വങ്ങളെ നോക്കിക്കാണണമെന്നേയുള്ളൂ. ആധുനിക വിജ്ഞാനീയത്തിലെ സവിഷനാഗങ്ങളായ Cobraയും, Viperഉം, Craitഉം തന്നെയാണ് അഗദതന്ത്രത്തിലെ മൂർഖനും മണ്ഡലിയും രാജിലവും. ആധുനികർ മൂർഖവിഷം കേന്ദ്രനാഡീസംസ്ഥാനത്തെ (Central Nervous System) ബാധിച്ച് മസ്തിഷ്ക്കത്തിലുള്ള ശ്വസനകേന്ദ്രത്തെ (Respiratory Centre) ചേഷ്ടാരഹിതമാക്കി മാരകമായി പരിണമിക്കുന്നു എന്നു സിദ്ധാന്തിക്കുമ്പോൾ മൂർഖവിഷത്തിൽ ചേഷ്ടാവേഗപ്രവർത്തനാധികാരിയായ വാതത്തിന്റെ കോപമാണു സംഭവിക്കുന്നതെന്ന് അഗദതന്ത്രം അഭിപ്രായപ്പെടുന്നു. ഭാഷാഭേദം മാത്രമേ ഇവിടെ പ്രസക്തമായിട്ടുള്ളൂ.

'തത്ര ദർവ്വീകരവിഷേണ ത്വങ്നയനനഖദശനവദനമൂത്രപുരീഷദംശകൃഷ്ണത്വം രൗക്ഷ്യം ശിരസോ ഗൗരവം സന്ധിവേദനാ കടീപൃഷ്ഠഗ്രീവാ ദൗർബ്ബല്യം' എന്നു തുടങ്ങി സുശ്രുതാചാര്യർ വിവരിക്കുന്ന ലക്ഷണങ്ങളിൽ കൂടുതലൊന്നുംതന്നെ ആധുനികവിജ്ഞാനത്തിന് ആ വിഷയത്തിൽ പറയാനില്ലെന്നു തന്നെയല്ല അത്രത്തോളം സൂക്ഷ്മജ്ഞാനം ആധുനികർക്ക് സിദ്ധിച്ചിട്ടില്ലെന്നുകൂടി വാദിക്കാവുന്നതാണ്. ഉഷ്ണമെന്ന സ്വഭാവത്തോടും രക്തമാകുന്ന സ്ഥാനത്തോടും കൂടിയതും സംരക്ഷണാഗ്നിയുമായ പിത്തമാണല്ലോ മണ്ഡലിവിഷത്തിൽ കോപിക്കുന്നത്. രക്തത്തേയും അന്തഃസ്രാവങ്ങളേയും (Internal Secretions) ബാധിച്ച് യകൃത്ത്, വൃക്ക, തുടങ്ങിയ ആന്തരാവയവങ്ങളേയും ദുഷിപ്പിക്കുന്നുവെന്നു സമ്മതിക്കപ്പെട്ടിട്ടുള്ള ആ വിഷത്തെപ്പറ്റിയും അഭിപ്രായവൈരുദ്ധ്യമില്ല. അടിസ്ഥാനനിദാനത്തെ സംബന്ധിച്ചിടത്തോളം രാജിലവിഷത്തിന്റെ കാര്യത്തിൽ അഭിപ്രായവ്യത്യാസമുണ്ടെന്നതു ശരിതന്നെ. ത്രിദോഷസിദ്ധാന്ത സംബന്ധിയായ ചിന്താസരണിയാണ് ആ വ്യത്യാസത്തിനു കാരണം. രാജിലവിഷവും, മൂർഖസമാനമാണെന്നും അതു ശ്വസനകേന്ദ്രങ്ങളേയും മസ്തിഷ്ക്കനാഡികളുടെ അഗ്രങ്ങളേയും (Ends of the Phrenic

Nerves) ചേഷ്ടാരഹിതമാക്കി ശ്വാസവൈഷമ്യം വരുത്തി മരണകാരിയാകുന്നു എന്നതുമാണ് ആധുനികമതം. ആത്യന്തികമായ ആ പ്രക്രിയയെ നിഷേധിക്കുന്നില്ല. അഗദതന്ത്രപ്രകാരം പ്രാണവായുവിന്റെ വിനാശത്തിന്നു കാരണമാകുന്നത് കഫമാണ്. സ്നേഹനവും സംരക്ഷണവുമാണല്ലോ (Lubrication and Preservation) കഫധർമ്മങ്ങൾ. ഇതു പ്രധാനമായും പ്രത്യക്ഷശരീരത്തിലെ Mucous Secretions and Inter-Cellular tissues including lining membranes എന്നിവയെ അവലംബിച്ചാണ് പ്രവർത്തനം നടത്തുന്നത്. കഫത്തിന് നിർദ്ദേശിച്ചിട്ടുള്ള എല്ലാ ഉപദ്രവങ്ങളും ലക്ഷണങ്ങളും രാജിലവിഷത്തിൽ ആദ്യമേതന്നെ പ്രത്യക്ഷപ്പെടുന്നത് അനുഭവസിദ്ധമാണല്ലോ. ആയുർവേദപ്രകാരം ഈ കഫകോപമാണ് അഥവാ ദൈഹികപ്രക്രിയയാണ് വാതത്തെ ദുഷിപ്പിച്ച് ശ്വസനകേന്ദ്രങ്ങളെ ബാധിക്കുന്നത്. കേവലം കഫപ്രതിവിധികൊണ്ട് ആ ശ്വാസവൈഷ്യമ്യത്തിൽ നിന്നും അത്യന്തികമരണത്തിൽനിന്നും മോചനം ലഭിക്കുന്നുവെന്ന അനുഭവം തന്നെയാണ് ഈ യുക്തിക്കുള്ള സാധൂകരണം. മറ്റൊരു നിശിതവിമർശനം ക്ഷണിച്ചുവരുത്താറുള്ളതു പാവപ്പെട്ട വേന്തിരനാണ്. അവന്റെ അസ്തിത്വം തന്നെയാണ് ചോദ്യം ചെയ്യപ്പെട്ടത്. ബ്രഹ്മസൃഷ്ടിയിൽ അങ്ങനെ ഒരുവനുണ്ടോ എന്ന കാര്യം ഇരിക്കട്ടെ. ഇല്ലെങ്കിൽ തന്നെ ഒരു ആയുർവേദവൈദ്യന് അവയെ സൃഷ്ടിക്കാതെ വയ്യ. ത്രിദോഷസിദ്ധാന്തമാണ് അയാളുടെ ചികിത്സയുടെ മൂലക്കല്ല്, ദേശകാലാവസ്ഥകളെക്കൊണ്ടോ ദഷ്ടന്റെ ശരീരപ്രകൃതിയുടെ പ്രത്യേകതകളെക്കൊണ്ടോ ത്രിദോഷങ്ങളുടെ സംസർഗ്ഗമോ സന്നിപാതമോ കണ്ടാൽ ചികിത്സാക്രമത്തിനും അനുയോജ്യമായ വ്യത്യാസം വരുത്താതെ നിവൃത്തിയില്ല.

'ദേശപ്രകൃതിസാത്മ്യർത്തുവിഷവേഗബലാബലം

പ്രധാര്യ നിപുണം ബുദ്ധ്യാ തതഃ കർമ്മ സമാചരേൽ'

എന്നു വിധിച്ച സുശ്രുതാചാര്യർ തന്നെയാണല്ലോ വേന്തിരന് മാകുലി, സ്ഫോടഗളം, സ്നിഗ്ദ്ധരാജി എന്നു മൂന്നുവിഭാഗങ്ങളും

കൽപ്പിച്ചത്. പതിനാറുതരം മണ്ഡലി എന്നും ഇരുപത്താറുതരം മൂർഖനെന്നും മറ്റും വിഭജിച്ചത് ലക്ഷണസമന്വയങ്ങളെ (Symptom Complexes) ആധാരമാക്കിയിട്ടാണെന്നത് സ്പഷ്ടമാണ്. മണ്ഡലി യുടെ കണ്ണ് മഞ്ഞയായതുകൊണ്ട് പീതനേത്രനും, ദേഹത്തിൽ നീരു ണ്ടായതുകൊണ്ടു ശോഫമണ്ഡലിയും ആയതല്ലല്ലോ. ദഷ്ടന്റെ ദേഹത്തിലുണ്ടാകുന്ന വികാരങ്ങളെ അനുസരിച്ചു നൽകിയിട്ടുള്ള പേരുകളാണ് അവ. വയൽക്കുറുഞ്ഞിമൂർഖൻ, ചുരുട്ട, മണ്ഡലി, വെള്ളിക്കെട്ടൻ മുതലായ യഥാർത്ഥനാമങ്ങളും അവയുടെ ലക്ഷണ ങ്ങളും ചികിത്സകളും പ്രതിപാദിച്ചിട്ടുള്ള ഭാഷാഗ്രന്ഥങ്ങൾ ഇല്ലായ്ക യില്ലതാനും. ത്രിദോഷങ്ങളുടെ സാങ്കര്യത്തിന്നു സങ്കരനെന്നോ വേന്തി രനെന്നോ ഒരു പേരു കൊടുത്താൽ തന്നെ അപലപനീയമല്ല (ലക്ഷ ണങ്ങളിൽ) വിശേഷമായ അന്തരത്തോടുകൂടിയവനാണ് വ്യന്തരൻ, അഥവാ വിയന്തരൻ. ആളുകൾ പറഞ്ഞുപറഞ്ഞു വേന്തിരനാക്കിയ താണ്. സങ്കരന്റെ സാങ്കര്യം പാമ്പുകളുടേതല്ല ലക്ഷണങ്ങളുടേതാ ണെന്നു മറക്കരുത്. സൗകര്യത്തിനുവേണ്ടി പാമ്പുകളിൽ അദ്ധ്യാ ഹരിച്ചെന്നു മാത്രമേയുള്ളു. അതിരിക്കട്ടെ, സങ്കരനാമത്തെ അർഹി ക്കുന്ന പാമ്പുകൾ തന്നെ ഉണ്ട് എന്നാണ് അനുഭവം പറയുന്നത്. ചേനത്തണ്ടൻ വർഗ്ഗപരമായി മണ്ഡലിയിലാണ് ഇന്നു ഗണിക്കപ്പെ ടുന്നതെങ്കിലും അതിന്റെ വിഷത്തിന് വ്യന്തരലക്ഷണസമാനമായ പല പ്രത്യേകതകളും ഉണ്ട്. അക്കാരണം കൊണ്ടുതന്നെയാണ് അതിന്റെ വിഷം പരിപൂർണ്ണമായി ഇറങ്ങുവാൻ പതിനെട്ടോ, ഇരുപതോ ദിവ സങ്ങൾ വേണ്ടിവരുന്നത്. രാജവെമ്പാലയെ മൂർഖവംശത്തിലാണ് (കൊളുബ്രിഡേ) അടുത്തകാലം വരെ ജന്തുശാസ്ത്രജ്ഞന്മാർ ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഹേമഡ്രിയാഡ് വർഗ്ഗത്തിലാണ് ഇപ്പോൾ ഗണിച്ചുവരുന്നത്. ചേനത്തണ്ടനെപ്പോലുള്ളവയേയും സൂക്ഷ്മ പരിശോധനയിൽ ഇങ്ങനെ വക തിരിക്കേണ്ടിവന്നേക്കാം. ഏതായാലും ലക്ഷണ സമന്വയങ്ങൾക്ക് വ്യത്യാസമുണ്ടെന്നതു തീർച്ച തന്നെ.

പ്രാചീന വിഷവൈദ്യസമ്പ്രദായത്തിൽ അശാസ്ത്രീയമെന്ന് ഏറ്റവും അപഹസിക്കപ്പെടുന്നവ മന്ത്രപ്രയോഗവും ദൂതലക്ഷണാദി കളുമാണ്. ഇവയുടെ സാധുതയെപ്പറ്റി വാദിച്ചു ജയിക്കുന്നകാര്യം ഇന്നു കേവലം അസാദ്ധ്യമായിട്ടാണിരിക്കുന്നത്.

'ദേവബ്രഹ്മർഷിഭിഃ പ്രോക്താ മന്ത്രാ സത്യതപോമയാഃ
ഭവന്തി നാന്യഥാ ക്ഷിപ്രം വിഷം ഹന്യുഃ സുദുസ്തരം
വിഷം തേജോമയൈർമ്മന്ത്രൈഃ സത്യബ്രഹ്മതപോമയൈഃ
യഥാ നിവാര്യതേ ക്ഷിപ്രം പ്രയുക്തേർന്ന തഥൗഷധൈഃ'

അതായത് 'ദേവർഷികളാലും ബ്രഹ്മർഷികളാലും പറയപ്പെട്ട മന്ത്ര ങ്ങൾ സത്യങ്ങളും തപോമയങ്ങളുമാകുന്നു. അവയുടെ ഫലം ഒരി ക്കലും മറ്റുപ്രകാരമായിത്തീരുകയില്ല. അവയെക്കൊണ്ട് എത്രകല ശലായ വിഷവും ക്ഷണത്തിൽ നശിച്ചുപോകും. തേജോരൂപികളും സത്യബ്രഹ്മതപോമയങ്ങളുമായ മന്ത്രങ്ങൾ പ്രയോഗിച്ചാൽ വിഷം എത്ര എളുപ്പത്തിലും വേഗത്തിലും നശിക്കുമോ അത്ര ക്ഷണത്തിൽ ഔഷധങ്ങൾ പ്രയോഗിച്ചാൽ ശമിക്കുകയില്ല.' രണ്ടായിരം കൊല്ല ങ്ങൾക്കുമുമ്പ് സുശ്രുതാചാര്യർ പറഞ്ഞതാണിത്. ഈ അടുത്ത കാലം വരെ അനന്തരപരമ്പരകൾ തുടർച്ചയായി ഇതു പറയുകയും ചെയ്തു. സത്യം മാത്രം പറഞ്ഞുശീലിച്ചവരെ അവിശ്വസിക്കുന്നതു പാപമാണെന്നതു ശരി തന്നെ. എന്നിട്ടും ഇന്നത്തെ ലോകത്തിന്റെ മുമ്പിൽ തലനിവർത്തിനിന്ന് നമുക്ക് ഉത്തരം പറയുവാൻ ഉപാധിക ളില്ല. കാരണം, ഇന്ന് ആ പരമ്പരയുമില്ല, ആ പാരമ്പര്യവുമില്ല. അപൂർവ്വം വല്ലമുക്കിലും വല്ലവരുമുണ്ടെങ്കിൽത്തന്നെ പരീക്ഷിക്കുന്ന വന്റെ മുമ്പിൽ പ്രദർശിപ്പിക്കുവാൻ അയാൾ തയ്യാറുമാവില്ല. അതു ഗുരുത്വദോഷവും പാപവും നിഷ്ഫലവുമാണെന്ന് അയാൾ വിശ്വസി ക്കുന്നു. ജിജ്ഞാസുക്കളായ യുക്തിവാദികളാകട്ടെ കുറെ പണ ത്തിന്റെ വാഗ്ദാനവും നീട്ടിക്കാട്ടി ലേലംവിളിക്കുവാൻ സ്വസ്ഥാനത്ത് ഇരിക്കുന്നതല്ലാതെ അങ്ങോട്ടന്വേഷിച്ചു ചെല്ലുവാൻ ഒരുക്കവുമില്ല. മനസ്സിന്റെ മഹാശക്തികളെപ്പറ്റി പഠിക്കുവാൻതന്നെ ആരും ആരംഭി

ച്ചിട്ടില്ലാത്ത സ്ഥിതിക്ക് ഈ പ്രശ്നത്തിന് ഒരന്തിമമായ തീരുമാനം അടുത്തെങ്ങും ഉണ്ടാവാൻ വഴിയും കാണുന്നില്ല. പക്ഷേ മന്ത്രംകൊണ്ടുവിഷം സ്തംഭിപ്പിക്കുന്നതും ഇറക്കുന്നതും മാത്സര്യംകൊണ്ട് വീണ്ടും കയറ്റുന്നതും സ്വന്തം കണ്ണുകൊണ്ടു കണ്ടറിയാനുള്ള ഭാഗ്യം എനിക്കുണ്ടായിട്ടുണ്ട്. എത്ര സത്യസന്ധരായ മഹാന്മാരിൽ നിന്നായാലും കേട്ടറിഞ്ഞ സംഭവങ്ങളെപ്പറ്റി പറയുന്നത് അവിശ്വാസത്തിന്റെ ഈ യുഗത്തിൽ നിഷ്ഫലമാണല്ലോ. തായമ്പകവാദ്യത്തിൽ പ്രഥമ ഗണനീയനായി ഇന്നും വിരാജിക്കുന്ന തിരുവേഗപ്പുറ രാമമാരാരെ വിഷംതീണ്ടി കുറച്ചു ദിവസങ്ങൾക്കുശേഷം ശ്മശാനത്തിലേയ്ക്കു കൊണ്ടുപോകുന്നവഴിക്ക് ദിവ്യമായ പത്മപ്രയോഗംകൊണ്ട് വിഷമിറക്കിയ സിദ്ധമന്ത്രന്റെ പുത്രനാണ് കോട്ടയ്ക്കൽ ആര്യവൈദ്യശാലയിലെ ഇപ്പോഴത്തെ വിഷവൈദ്യൻ ശ്രീ ശങ്കുണ്ണിവാര്യർ എന്നു കൂടി ഇവിടെ പറഞ്ഞുവെയ്ക്കട്ടെ. ദൂതലക്ഷണത്തിന്റെ കാര്യം ഇതിലും വിഷമം പിടിച്ചതാണ്. പരസ്പരം വിരുദ്ധങ്ങളായ അനേകം വിധികൾ ദൂതലക്ഷണവിഷയത്തിൽ കാണാം. ഇവയെല്ലാമൊരുമിച്ചു ശരിയാകുവാൻ സാദ്ധ്യമല്ലെന്നതു തീർച്ച. വസ്തുസ്ഥിതി ഇതാണെങ്കിലും ഗൗളീരുതവും മൃത്യുസ്ഥാനവും സംയോജിപ്പിച്ച് ഒറ്റത്തവണയെങ്കിലും പ്രമാദംപറ്റാതെ പ്രവചനം നടത്തിയിരിക്കുന്നത് എനിക്ക് നേരിട്ടറിവുള്ളതാണ്. കേരളത്തിലെ അതിപ്രശസ്തനായ ഒരു വിഷവൈദ്യൻ ദിവസേന ഉറങ്ങാൻ പോകുന്നതിനുമുമ്പ് അന്നു രാത്രി എത്ര വിഷം വരുമെന്നും അവ ഏതെല്ലാം അവസ്ഥയിലായിരിക്കുമെന്നും. എത്രയെണ്ണത്തിൽ ജലധാര വേണ്ടിവരുമെന്നും ആ സന്ദർഭത്തിൽ സഹായികളാകേണ്ട ദാസവൃന്ദത്തെ പറഞ്ഞേല്പ്പിക്കുക പതിവായിരുന്നു. ഇതിന്റെ വാസ്തവം അറിയുവാൻ വേണ്ടി അന്വേഷണബുദ്ധിയോടുകൂടി ചെന്ന പല ഉന്നതവ്യക്തികളും അതിന്റെ അപ്രമാദിത്വത്തിൽ അത്ഭുതപ്പെട്ടിരുന്നതും എനിക്കു കണ്ടനുഭവമാണ്. സായാഹ്നസഞ്ചാരത്തിനിടയ്ക്ക് വീട്ടിൽ വിഷം തീണ്ടി വന്നിട്ടുണ്ട്. ഇന്ന വിഷമാണ് എന്നുപറഞ്ഞ് അതിനുവേണ്ട മരുന്നുകളും കൂടി

വഴിക്കു സമ്പാദിച്ച് തിരിച്ചുചെന്നു വിഷമിറക്കാറുള്ള ഒരു മഹാസി ദ്ധനുമായും അടുത്തു പരിചയിക്കുവാൻ എനിക്കിടവന്നിട്ടുണ്ട്. ഊഹാ പോഹപടുക്കളും സിദ്ധന്മാരുമായ ഈ മഹാന്മാരെ അനുസ്മരിക്കുക മാത്രമേ ഈ പ്രകൃതത്തിൽ ചെയ്യാവുന്നതായുള്ളൂ.

പാമ്പിൻ വിഷത്തിന്റെ പ്രപഞ്ചനത്തോടുകൂടി അവസാനിക്കുന്ന തല്ലല്ലോ വിഷവൈദ്യം. നായ മുതൽ കൊതുക് വരെയുള്ള ജീവി കളും, പാഷാണം മുതൽ മോരുവരെയുള്ള ദ്രവ്യങ്ങളും, ചേരുമുതൽ കൊടിത്തൂവ വരെയുള്ള വനസ്പതികളും അതിന്റെ പരിധിയിൽപ്പെ ടുന്നു. ഇവയുടെ അശനസ്പർശനദംശാദികളാലുണ്ടാകുന്ന വിഷ ങ്ങൾക്ക് 'അലർജി' എന്ന സാമാന്യ നാമം നൽകി അതിനുള്ള സാമാ ന്യചികിത്സകൊണ്ടു തൃപ്തിപ്പെടുകയാണ് ആധുനികശാസ്ത്ര ജ്ഞൻമാർ ചെയ്യുന്നത്. പലപ്പോഴും ആ ചികിത്സ കൊള്ളേണ്ടിടത്തു കൊള്ളാറുമില്ല. വിഷവൈദ്യത്തിൽ ഇങ്ങനെ സാമാന്യവല്ക്കരണ മല്ല, ഓരോന്നിന്റെ വികാരത്തിനും, പ്രത്യേകം പ്രത്യേകം ശമനൗഷ ധങ്ങൾ വിധിക്കുന്നു. അവ അതാതിനുമാത്രമേ ഫലിക്കുകയുള്ളൂ. അത്രത്തോളം സൂക്ഷ്മവും, ശാസ്ത്രീയവുമായിട്ടാണ് കൈകാര്യം ചെയ്തിട്ടുള്ളത്. ഊറാമ്പുലി വിഷം, ഗൗളി വിഷം മുതലായവയോ ടുള്ള അലോപ്പതി ശാസ്ത്രത്തിന്റെ ഇന്നത്തെ സമീപനത്തോടു വിയോജിക്കേണ്ടിയിരിക്കുന്നു. ഇവയുടെ മലമൂത്രങ്ങൾക്കുകൂടി വിഷ മുണ്ടെന്ന കാര്യം അതിന്റെ പ്രയോക്താക്കൾ സമ്മതിക്കുന്നില്ല. ഇവ യുടെ വിഷം കൊണ്ടുള്ള വിസ്ഫോടങ്ങളിൽ എക്സിമയ്ക്കോ അലർജിക്കോ ചെയ്യുന്ന ഔഷധങ്ങൾ ഫലപ്രജമായിട്ടല്ല അനുഭവം. ലൂതയുടെ ദംശനമാണു സംഭവിച്ചിട്ടുള്ളതെങ്കിൽ സ്ഥിതി കൂടുതൽ ഭയാനകവും അപായകാരിയുമാകും. ആന്റി ബയോട്ടിക് ഔഷധങ്ങൾ പുരട്ടുക കാരണം നാലോ, അഞ്ചോ ദിവസത്തിനകം ദംശാന്തർഭാഗം മുഴുവൻ വ്രണീഭവിച്ചു ദ്രവിച്ചുപോകുന്ന ഉദാഹരണങ്ങൾ സുലഭ മാണ്. ഈ വക രോഗങ്ങളെ ആധുനിക ചികിത്സകർ ഗവേഷണ ബുദ്ധ്യാ കൈകാര്യം ചെയ്യണമെന്ന് എനിക്കപേക്ഷയുണ്ട്. കുര

ങ്ങനോ, കീരിയോ, കുതിരയോ മറ്റോ കടിച്ചാലും, സാധാരണ വ്രണ ചികിത്സയിലധികം വേണ്ടതില്ലെന്നാണ് വെപ്പ്. എന്നാൽ കീരിയുടെ വിഷംകൊണ്ട് കഴുത്തുകുഴയുകയും കണ്ണുചുമക്കുകയും പല്ലും ചുണ്ടും കറുക്കുകയും ചെയ്ക, കുരങ്ങന്റെ വിഷംകൊണ്ട് ദേഹത്തിൽ വർണ്ണഭേദം വരിക, കുതിര കടിച്ചാൽ ഉറക്കം തൂങ്ങുക - ഇതെല്ലാം ശാരീരിക പ്രക്രിയയിൽ വരുന്ന ചില മാറ്റങ്ങളുടെ സൂചനകളല്ലേ? അവയെ അവഗണിച്ചാൽ കാലാന്തരത്തിൽ ജീർണ്ണതയെ പ്രാപിച്ചു ദൂഷീവിഷമായി പരിണമിക്കുകയില്ലേ എന്ന കാര്യം നാം ഗവേഷകന്മാർക്കു വിട്ടുകൊടുക്കുക.

അന്തരീക്ഷമലിനീകരണം, ജലമലിനീകരണം തുടങ്ങിയ പൊതുജനാരോഗ്യപരമായ കാര്യങ്ങളും ഭാരതീയ വിഷവൈദ്യത്തിന്റെ ശ്രദ്ധയിൽപ്പെടാത്തവയല്ല. അവയ്ക്ക് സുശ്രുതാചാര്യൻ വിസ്തരിച്ചുപപാദിക്കുന്ന പരിഹാരമാർഗ്ഗങ്ങൾ ഇന്നും അവഗണിക്കപ്പെട്ടു കിടക്കുകയാണ്. വിഷചികിത്സയുടെ ഉദ്ധാരണവിഷയത്തിൽ പ്രത്യേകം പ്രാധാന്യമർഹിക്കുന്നവയാണ് കാലവഞ്ചനപ്രയോഗങ്ങൾ. ആ വക ഔഷധങ്ങളുടെ നിർമ്മാണത്തിനുള്ള ധനവ്യയവും ക്ലേശവും നിർമ്മാണവിധികളിലുള്ള പരിചയക്കുറവും പ്രയോഗിച്ചുകാണാത്തതുകൊണ്ടുള്ള അധൈര്യവും കാരണം അത്ഭുതഫലങ്ങൾ പ്രദാനം ചെയ്യുന്ന ആ ചികിത്സാവിഭാഗം തന്നെ വളരെക്കാലമായി ഉപേക്ഷിക്കപ്പെട്ടിരിക്കുകയാണ്. വിഷവൈദ്യത്തിന്റെ അന്തസ്സും പ്രശസ്തിയും ഉയർത്തുവാൻ സഹായിക്കുന്ന ആ ക്രിയാപദ്ധതി സാധാരണക്കാരനായ ചികിത്സകന്റെ സ്വാധീനതയിൽ ഒതുങ്ങുന്നതല്ല. ആര്യവൈദ്യശാലപോലുള്ള മഹാസ്ഥാപനങ്ങളാൽ നിയുക്തമാകുന്ന ഗവേഷണവിഭാഗം അതിന്റെ ഉന്നതപദവി വീണ്ടെടുക്കണമെന്ന് അപേക്ഷിക്കുവാൻ ഞാനീ അവസരം ഉപയോഗിച്ചുകൊള്ളട്ടെ. വിഷവൈദ്യത്തിന്റെ അനിഷേധ്യമായ ശാസ്ത്രീയതയിൽ ഒരു നാഴികക്കല്ലായിരിക്കും അത്. 'മന്ത്രാരിഷ്ടോൽക്കർത്തനനിഷ്പീഡനചൂഷണാഗ്നിപരിഷേകാഃ' എന്നു തുടങ്ങി ചരകാചാര്യർ നിർദ്ദേശിക്കുന്ന ഇരുപത്തിനാലു ക്രിയാ

ക്രമങ്ങളിൽ നിന്നും ബാഹ്യമായി വിഷവൈദ്യത്തിൽ ഒന്നുംതന്നെ ചെയ്യേണ്ടതില്ല. ആ വാക്യത്തിലെ 'മൃതസഞ്ജീവനം' എന്ന വിഭാഗത്തിലുൾപ്പെട്ടതാണ് കാലവഞ്ചനം.

ഇന്ന് ക്രമപ്രവൃദ്ധമായി പ്രചാരംസിദ്ധിച്ചുവരുന്ന ആന്റിവെനിൻ (Anti Venin) പ്രയോഗത്തെക്കൂടി സ്പർശിക്കാതിരിക്കുന്നത് ഉചിതമായിരിക്കുകയില്ല. കൂടുതൽ കൂടുതൽ ആശുപത്രികളിൽ ഇന്നതിനു സൗകര്യം സിദ്ധിച്ചുവരികയാണ്. അത്യന്തം ഫലപ്രദമായ ഒരു ചികിത്സാപദ്ധതിയാണ് അതെന്ന് നിശ്ശങ്കം പറയാമെങ്കിലും ഇനിയും അതു പരീക്ഷണഘട്ടത്തെ പൂർണ്ണമായും അതിജീവിച്ചു കഴിഞ്ഞുവോ എന്നു സംശയമാണ്. പ്രതിവിഷത്തിന്റെ പഴക്കമില്ലായ്മ, ദംശനത്തിനും ചികിത്സയ്ക്കും ഇടയിലുള്ള സമയത്തിന്റെ ദൈർഘ്യം, പ്രയോഗിക്കേണ്ടിവരുന്ന മാത്ര എന്നീ ഉപാധികളെ അനുസരിച്ചിരിക്കും അതിന്റെ ഫലസിദ്ധി. ആയുർവ്വേദത്തിലും പ്രതിവിഷങ്ങൾത്തന്നെയാണ് പ്രത്യൗഷധങ്ങളെങ്കിലും ദ്രവ്യസ്വഭാവവും പ്രയോഗരീതിയും ഇത്രത്തോളം വിപൽക്കരമല്ലല്ലോ. വിഷോപദ്രവങ്ങളെപ്പറ്റിയും ഭിന്നവിഷസ്വഭാവങ്ങളെപ്പറ്റിയും ഒരു കാലത്ത് ഡോക്ടർമാർക്കുണ്ടായിരുന്ന ജ്ഞാനത്തിന്റെ അപൂർണ്ണതയും ഉപദ്രവരോഗപ്രതിവിധികളുടെ അപര്യാപ്തതയും ദംശശേഷമുണ്ടാകുന്ന കാലദൈർഘ്യവുമായിരുന്നു ഇതുവരെയുണ്ടായ ആന്റിവെനിന്റെ പ്രചാരലോപത്തിനു ഹേതു. ഇന്നുള്ള ഗമനാഗമനസൗകര്യങ്ങൾ എല്ലാ വിഷചികിത്സകളേയും വളരെയധികം സൗകര്യപ്രദമാക്കിയിട്ടുണ്ട്. ധാതുക്കളിൽ വ്യാപിക്കുവാൻ തുടങ്ങുന്നതിനുമുമ്പുതന്നെ ചികിത്സിക്കുവാൻ സാധിക്കുക കാരണം ഉപദ്രവവ്യാധികളുടെ സംഗത്യവും താരതമ്യേന കുറവാണ്. വൃക്കാനാശത്തിന് 'ഡയാലിസിസ്' (Dialysis) വരെയുള്ള പ്രതിവിധികൾ ഇന്ന് അലോപ്പതിക്കു സ്വായത്തമാണ്. ഇതൊക്കെക്കാരണം കൂടുതൽ ആത്മവിശ്വാസത്തോടുകൂടി ആശുപത്രികളിൽ ആന്റിവെനിൻ പ്രയോഗിച്ചു തുടങ്ങിയിരിക്കുന്നു. പക്ഷെ, പ്രത്യാഘാതവിഷയത്തിൽ (Serum Reaction) അവർ നിസ്സഹായരാണ് കൂടുതൽ

മാത്രയിൽ ചെയ്യേണ്ടിവരുമ്പോൾ ഈ വിപത്തിന് സാദ്ധ്യത കൂടുകയും ചെയ്യും. പാമ്പിന്റെ ജാതി തിരിച്ചറിഞ്ഞ് ചികത്സിക്കുവാനുള്ള പാടവം ഇപ്പോഴും വിരളമാകകൊണ്ട് എല്ലാറ്റിനും പറ്റുന്ന പോളിവെനം (Poly Venom) ആണ് ഇന്നു പ്രചാരത്തിലിരിക്കുന്നത്. ഇതു കൂടാതെ കഴിയ്ക്കണമെങ്കിൽ ദഷ്ടന്റെകൂടെ കടിച്ച പാമ്പിനേക്കൂടെ കൊണ്ടുചെല്ലേണ്ടിയിരിക്കുന്നു. ആയുർവ്വേദപ്രകാരം ഇതിലെ വൈരുദ്ധ്യം പ്രസ്പഷ്ടമാണ്. അനുഭവവിരുദ്ധവുമാണ്. വാത പ്രധാനമായ മൂർഖന്റേയും പിത്തപ്രധാനമായ മണ്ഡലിയുടെയും വിഷങ്ങൾ കൂട്ടിക്കലർത്തിയും കലർത്താതെയും ചെയ്താലുള്ള വ്യത്യാസങ്ങൾ അവർ പരീക്ഷിച്ചുറപ്പിച്ചുകഴിഞ്ഞിട്ടില്ല. ധാതുക്കളിൽ വ്യാപിച്ച് അംഗങ്ങളെ കേടുവരുത്തിക്കഴിഞ്ഞ അവസ്ഥയിൽ ആന്റി വെനിന്റെ ഫലസിദ്ധി ഇന്നും സംശയാസ്പദമാണ്. ഉപദ്രവചികിത്സകൾക്ക് വിഷവൈദ്യത്തിലുള്ള എളുപ്പവും, ലാളിത്യവും ഒന്നു പ്രത്യേകമാണ്. വ്രണം, ശോഫം മുതലായ പ്രാദേശിക വികാരങ്ങളിൽ അലോപ്പതി ചികിത്സ ഇന്ന് അപര്യാപ്തമാണെന്നാണ് അനുഭവം. ആയുർവേദത്തിലെ ലേപസേകാദികൾ കൂടുതൽ ഫലപ്രദമായി കാണുന്നു. ചുരുക്കത്തിൽ ബലാൽക്കാരംകൊണ്ട് ഒരടക്കിനിർത്തലാണ് ആ ചികിത്സ. അതിന്റെ അനന്തരഫലങ്ങൾ ഇനിയും പഠിക്കേണ്ടതായിട്ടാണിരിക്കുന്നത്. അന്നനാളത്തിന്റെ ചേഷ്ടാനാശം നിമിത്തം ഔഷധങ്ങൾ ഇറക്കുവാൻ സാധിക്കാതെ വരുന്ന സന്ദർഭങ്ങളിൽ ആന്റിവെനിന്റെ സഹായം അനുപേക്ഷണീയമാണുതാനും. അന്റിവെനം പ്രയോഗിച്ചുകഴിഞ്ഞ രോഗിയിൽ ആയുർവേദ ഔഷധങ്ങൾ നിഷ്ഫലമാണെന്നാണ് അനുഭവം. പാമ്പിന്റെ വിഷത്തേയും കുത്തിവെച്ച വിഷത്തേയും ഒരുമിച്ചു സംഹരിക്കുവാനുള്ള കരുത്ത് നമ്മുടെ ഔഷധങ്ങൾക്ക് ഇല്ലാത്തതുതന്നെ കാരണം. ചുരുക്കത്തിൽ രണ്ടു സമ്പ്രദായങ്ങളും ഒരേ സ്ഥലത്തുവെച്ച് പരസ്പര പൂരകങ്ങളായി പ്രയോഗിച്ചു പരീക്ഷണങ്ങൾ നടത്തേണ്ടത് ശാസ്ത്രാഭിവൃദ്ധിക്ക് അത്യന്താപേക്ഷിതമാണ്. അതിസൂക്ഷ്മങ്ങളായ ചില വ്യത്യാസങ്ങൾ ഒഴിച്ച് മൂർഖ

വിഷത്തോടു സമവും മരണകാരിയുമായ ശങ്കാവിഷത്തിന്റെ കാര്യത്തിൽ ആന്റിവെനിന് ഒന്നും തന്നെ ചെയ്യുവാൻ സാദ്ധ്യവുമല്ല. നിരപായവും സദ്യഃഫലപ്രദവും ക്ലേശരഹിതവും ലളിതവുമായ ഏതെങ്കിലും സർവ്വവിഷശമനൗഷധം കണ്ടുപിടിക്കുന്നതായാൽ അതിലേറ്റവും സന്തോഷിക്കുന്നത് വിഷവൈദ്യനായിരിക്കും. കാരണം, മനഃക്ലേശവും ധനവ്യയവും ഉറക്കമൊഴിപ്പും മാത്രമേ അയാൾക്ക് നഷ്ടപ്പെടുവാനുള്ളൂ. പേപ്പട്ടിവിഷത്തിന്റെ കാര്യത്തിൽ ഇതുപോലുള്ള ആശ്വാസം ലഭിച്ചവനാണ് അയാൾ. തുടർച്ചയായി തൊണ്ണൂറു ദിവസം വൈദ്യനും രോഗിയും ഒരുപോലെ ദത്തശ്രദ്ധനായിരിക്കേണ്ട ക്ലേശത്തിൽനിന്ന് അയാൾക്കു മോചനം കിട്ടിയല്ലോ. അലോപ്പതി ചികിത്സ അപര്യാപ്തമായിരുന്ന കാലത്തെങ്കിലും ജീവസംരക്ഷണം നിർവ്വഹിച്ചിരുന്ന വിശുദ്ധന്മാരായ പൂർവ്വികന്മാരെ ആക്ഷേപിക്കാതിരിക്കാനെങ്കിലും ആധുനികശാസ്ത്രകാരന്മാർക്ക് സൽബുദ്ധി ഉണ്ടാകേണ്ടതാണ്. അന്നു മാരകമായ സർപ്പവിഷങ്ങളൊന്നും ഇറക്കിയിട്ടില്ലെന്നും പേപ്പട്ടിവിഷത്തിന് ചികിത്സയേ ഉണ്ടായിരുന്നില്ലെന്നും വാദിക്കുന്നത് കൃതഘ്നതയായിരിക്കും. പേപ്പട്ടി വിഷമേറ്റുള്ളവയെന്ന് സംശയരഹിതമായി തെളിഞ്ഞിട്ടുള്ള എണ്ണൂറിൽപ്പരം രോഗികളെ വിഷമിളക്കിച്ചികിത്സിച്ചു സുഖപ്പെടുത്തിയ ഭിഷഗ്വരനെ ഞാൻ കണ്ടിട്ടുള്ളതാണ്. ഇളക്കിയതിനുശേഷം കൃച്ഛ്രപഥ്യത്തോടുകൂടി തൊണ്ണൂറുദിവസം ചികിത്സിച്ചാൽ മാത്രമേ നൂറുശതമാനവും വിജയം ലഭിക്കുകയുള്ളൂവെന്നാണ് അദ്ദേഹത്തിന്റെ അനുഭവസിദ്ധമായ അഭിപ്രായം.

വിഷവൈദ്യന്മാരുടെ ശ്രദ്ധ പുതിയൊരു ഗവേഷണപന്ഥാവിലേയ്ക്കു തിരിയേണ്ടുന്ന കാലം അതിക്രമിച്ചിരിക്കുന്നു - അതാണ് ഔഷധജരോഗങ്ങൾ, മരുന്നുസേവിച്ചതിന്റെ ഫലമായുണ്ടാകുന്ന രോഗങ്ങൾ (Iatrogenic Diseases). ആധുനികമായ കൃഷിസമ്പ്രദായങ്ങളും ആധുനികങ്ങളായ പല ഔഷധങ്ങളും ഇന്നത്തെപ്പോലെ അതാതു ശാസ്ത്രത്തിനോടെങ്കിലും കൂറുപുലർത്താത്തവിധത്തിൽ തുടർച്ചയായി പ്രയോഗിക്കുകയാണെങ്കിൽ മൂന്നോ നാലോ തലമുറ

കൾക്കുശേഷം ജനിക്കുന്ന മനുഷ്യജീവികളുടെ ഗതിയെപ്പറ്റി ആശങ്കയും ഭയവും പ്രകടിപ്പിക്കുന്നത് ആധുനികശാസ്ത്രജ്ഞൻമാർ തന്നെയാണ്. ഇന്നത്തെ പ്രശ്നങ്ങളുടെ ചൂടിൽ മുന്നറിയിപ്പുകൾ ഉരുകിപ്പോകുകയാണ്. താരതമ്യേന നിർദ്ദുഷ്ടമായ ഡി.ഡി.ടി. കൂടി അർബ്ബുദകോശങ്ങളെ ഉല്പ്പാദിപ്പിക്കുമെന്നു കണ്ടെത്തിയിരിക്കുന്നു. അപ്പോൾ അതിഭയങ്കരന്മാരായ ഫോളീഡോളിനേയും കൂട്ടുകാരെയും പറ്റി വിചാരിക്കുമ്പോൾ തന്നെ ഭയമാകുന്നു. കൂടുതൽ കൂടുതൽ ഭക്ഷ്യോൽപാദനമാണ് ഇന്നത്തെ പ്രശ്നം. അതിൽനിന്നു ശ്രദ്ധ വ്യതിചലിപ്പിവാൻ ഭരണീയരോ ഭരണകർത്താക്കളോ തല്പ്പരരല്ല. ഈ അന്തകപ്പരിഷയുടെ സൂക്ഷ്മാണുക്കൾ നിരന്തരം സംഗ്രഹിച്ചുവെച്ച് കൂടുതൽ വർദ്ധിപ്പിക്കുവാനായി അനന്തരതലമുറകൾക്കു കൈമാറുന്നതോടുകൂടി ജന്മമെടുക്കുന്ന സന്തതികളുടെ അവയവങ്ങൾ തന്നെ ഇന്നുള്ള രീതിയിൽ ആയിക്കൊള്ളണമെന്നില്ല. ഇന്നത്തെ തലമുറയിൽ തന്നെ അവ എന്തെന്തു പരിണാമങ്ങൾ വരുത്തിവെച്ചുകൂടാ. ഈ കീടനാശിനികളുടെ സൃഷ്ടിയായ അത്യന്തിക വിനാശത്തിൽ നിന്നും ഭാവി തലമുറയെ മോചിപ്പിക്കുവാൻ വിഷവൈദ്യന് സാധിക്കുമോ എന്നു പരീക്ഷണം നടത്തേണ്ടത് ഇന്ന് അത്യന്താപേക്ഷിതമാണ്.

ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തെ ആധുനികവൈദ്യശാസ്ത്രത്തിന്റെ സുവർണ്ണദശയെന്നു വിശേഷിപ്പിക്കുന്നതിൽ യാതൊരപാകതയുമില്ല. രോഗനിദാനപഠനത്തിലും ചികിത്സാസമ്പ്രദായത്തിലും അഭൂതപൂർവ്വമായ വിപ്ലവമാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഏതാനും ചിലതൊഴിച്ച് മാരകമായ മിക്ക രോഗങ്ങളും ഇന്നു സുഖസാദ്ധ്യമായിരിക്കുന്നു. തദനുസാരിയായി മരണനിരക്കും എത്രയോ കുറഞ്ഞുപോയി. ശാസ്ത്രത്തിന്റെ നാനാമുഖമായ സിദ്ധികളാണ് ഇതിന്റെയെല്ലാം നാരായവേര്. പക്ഷെ, ഇതിനൊരു മറുപുറമുണ്ടെന്നുകൂടി മറന്നുപോകരുത്. ഇന്ദ്രജാലസമാനമായ ഫലസിദ്ധിനൽകി ആദരവും കീർത്തിയും അനായാസേന സമ്പാദിക്കുവാനുള്ള വെമ്പലിൽ ആ ശാസ്ത്രതത്വങ്ങളെത്തന്നെ ചിലരെങ്കിലും അവഗണിച്ചു

പോകുന്നില്ലേയെന്ന് ഒരാത്മപരിശോധന നടത്തുന്നത് നന്ന്. ദൈഹികമായ പരിശോധനകൾ നടത്തി അത്യാവശ്യം സന്ദർഭങ്ങളിൽ മാത്രം വളരെ സൂക്ഷ്മതയോടെ പ്രയോഗിക്കേണ്ടുന്നതെന്ന് ശാസ്ത്രം നിർദ്ദേശിക്കുന്ന ഔഷധങ്ങൾ ഉപരിപ്ലവബുദ്ധിയോടുകൂടി ഇന്നു കൈകാര്യം ചെയ്യപ്പെടുന്നില്ലേ? ശാരീരിക പ്രക്രിയകളിൽ ഏതെങ്കിലും ഒന്നിനെ ദോഷകരമായി ബാധിക്കാതെ ശക്തിയേറിയ ആധുനികൗഷധങ്ങളിൽ വല്ലതുമുണ്ടോ എന്നു സംശയമാണ്. സാധാരണയായി ഉപയോഗത്തിലിരിക്കുന്ന Paracetamol, Phenacetin മുതലായ ജ്വരസംഹാരികളും വേദനാ സംഹാരികളും വൃക്കകളെ സാരമായി ബാധിക്കുന്നവയാണ് എന്ന് Journal of Indian Medical Association തന്നെ മുന്നറിയിപ്പു നൽകുന്നു. (Jan 1971, P. 18) Leader of the Endocruin orchestra എന്നു വിശേഷിപ്പിക്കപ്പെട്ട ഗ്രന്ഥികളെ ബാധിക്കുന്നതും അസ്ഥിജരണസമർത്ഥവുമായ Cortisone എന്ന ഔഷധം മറ്റൊരുദാഹരണമാണ്. അർഹരല്ലാത്തവരാലും അനവധാനതയോടും ഇവ പ്രയോഗിക്കപ്പെടുന്നതിന്റെ ഫലമായി ഉണ്ടാകുന്ന രോഗങ്ങൾക്ക് ഉപശാന്തി നൽകുവാനുള്ള ഗവേഷണത്തിന് എന്തുകൊണ്ട് നമുക്കൊരു ശ്രമം ചെയ്തുകൂടാ? Streptomycin അസ്ഥാനത്തും ആവശ്യത്തിലധികവും ചെയ്തതിന്റെ ഫലമായുണ്ടാകുന്ന ഉപദ്രവങ്ങളിൽ ബധിരതയൊഴിച്ചുള്ളവയെല്ലാം വിഷവൈദ്യത്തിലെ സ്ഥാവരവിഷചികിത്സകൊണ്ടു സുഖപ്പെട്ടുകണ്ടിട്ടുണ്ട്. ആധുനികശാസ്ത്രത്തിന് ഇതിനൊക്കെ പ്രതിവിധികൾ ഇല്ലായ്കയല്ല. ഈ വിഷവൈദ്യത്തിൽ എന്തെങ്കിലും ചെയ്യുവാൻ സാധിക്കുമോ എന്ന ഗവേഷണത്തിന് ആര്യവൈദ്യശാല ഭാരവാഹികൾ അവരുടെ അധീനത്തിലുള്ള സ്ഥാപനങ്ങൾ വഴി പ്രോത്സാഹനം നൽകണമെന്ന് എനിക്ക് അപേക്ഷയുണ്ട്.

** 1987 മാർച്ചിൽ കോട്ടയ്ക്കൽ ആര്യവൈദ്യശാല നടത്തിയ അഗദതന്ത്രത്തെ പറ്റിയുള്ള സെമിനാറിൽ ചെയ്ത അദ്ധ്യക്ഷ പ്രസംഗത്തിൽ നിന്ന്.*

(കടപ്പാട് : സാഹിത്യ അക്കാദമി)











## കോട്ടയ്ക്കലിന്റെ സാന്ത്വനസ്പർശം

ആരോഗ്യസംരക്ഷണത്തിന് ലോകമിന്ന് ഉറ്റുനോക്കുന്നത് ആയുർവേദത്തിലേക്കാണ്. കഴിഞ്ഞ നൂറ്റാണ്ടിൽ ആയുർവേദത്തിന്റെ നവോത്ഥാനത്തിന് വഴിതെളിയിച്ചത് വൈദ്യരത്നം പി.എസ്. വാരിയർ ആണ്. 1902-ൽ അദ്ദേഹം സ്ഥാപിച്ച കോട്ടയ്ക്കൽ ആര്യവൈദ്യശാലയാണ് ലോകഭൂപടത്തിൽ ആയുർവേദത്തെ അടയാളപ്പെടുത്തിയത്.

AYURVEDA - THE AUTHENTIC WAY

Vaidyaratnam P.S. Varier's

**ARYA VAIDYA SALA**

(A CHARITABLE TRUST)

KOTTAKKAL-676 503, KERALA



Tel: 0483-2808000, 2742216, Fax:2742572, 2742210

E-mail: mail@aryavaidyasala.com / avsho@sancharnet.in Web: www.aryavaidyasala.com

ഡൽഹിയിലും കോട്ടയ്ക്കലും എറണാകുളത്തും കൊൽക്കത്തയിലും ആശുപത്രികൾ | കോട്ടയ്ക്കൽ ചാരിറ്റബിൾ ഹോസ്പിറ്റൽ | കോട്ടയ്ക്കലും കഞ്ചിക്കോട്ടും ഔഷധനിർമ്മാണഫാക്ടറികൾ | അഞ്ഞൂറിലധികം ശാസ്ത്രീയ ഔഷധങ്ങൾ | ഗവേഷണത്തിനും പ്രസിദ്ധീകരണത്തിനും പ്രത്യേകം വിഭാഗങ്ങൾ | ഔഷധത്തോട്ടങ്ങൾ | ഔഷധസസ്യഗവേഷണകേന്ദ്രം | ആയുർവേദപഠനസൗകര്യങ്ങൾ | 20 ശാഖകൾ, 1200-ൽപരം അംഗീകൃത വിതരണക്കാർ | പി.എസ്.വി. നാട്യസംഘം | വൈദ്യരത്നം പി.എസ്. വാരിയർ മ്യൂസിയം